പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6522 — 03.04.2018 ന് മറുപടിയ്ക്ക്.

**കളമശ്ശേരി ഐ.റ്റി.ഐ യെ മോഡൽ ഐ.റ്റി.ഐ.ആയി ഉയർത്തുന്നതിനുള്ള നടപടികൾ**

| *ചോദ്യം*<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | *ഉത്തരം*<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കളമശ്ശേരി ഐ.റ്റി.ഐ യെ മോഡൽ ഐ.റ്റി.ഐ.ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) കളമശ്ശേരി ഗവ. ഐ.ടി.ഐ.യെ മോഡൽ ഐ.ടി.ഐ ആയി ഉയർത്തുന്നതിനുള്ള 10 കോടി രൂപയുടെ കേന്ദ്ര പദ്ധതി (70% കേന്ദ്ര വിഹിതം 30% സംസ്ഥാന വിഹിതം) അനുവദിക്കുകയും കേന്ദ്ര വിഹിത ത്തിന്റെ ആദ്യ ഗഡുവായി 350 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ കളമശ്ശേരി ഐ.ടി.ഐ.യിൽ ട്രെയിനിംഗിനാവശ്യമായ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടന്നു വരുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് 2017-2018 ബജറ്റ് പ്രസംഗത്തിൽ വകയിരുത്തിയ അഞ്ച് കോടി രൂപ വിനിയോഗിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | ബി) കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഗഡുവിന്റെ രണ്ടാം ഭാഗമായി 175 ലക്ഷം രൂപയാണ് മോഡൽ ഐ.ടി.ഐ.യ്ക്ക് അനുവദിച്ചത്. ആയതിനാനുപാതികമായി സംസ്ഥാന വിഹിതമായ 75 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 56 ലക്ഷം രൂപ ചെലവഴിക്കുകയും ശേഷിക്കുന്ന തുകയ്ക്കുള്ള സംഭരണ നടപടികൾ നടന്നുവരികയും ചെയ്യുന്നു. |

Bindu

സെക്ഷൻ ഓഫീസർ